ചിറത്തലയ്ക്കൽ പുള്ളിക്കോണം ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം

90 (930) ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കരകുളം പഞ്ചായത്തിൽപെട്ട ചിറത്തലയ്ക്കൽ പുള്ളിക്കോണം ഭാഗങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഭാഗങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. പരാതി ലഭിച്ചതനുസരിച്ച് 2 കി.മീ എൽ.റ്റി. സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുന്നതിനും മറ്റു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

ഇടുക്കി "വടക്കേപ്പുഴ വെള്ളം തിരിച്ചുവിടൽ" പദ്ധതിക്ക് ചെലവഴിച്ച തുക

91 (931) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി, 'വടക്കേപ്പുഴ വെള്ളം തിരിച്ചു വിടൽ' പദ്ധതിക്ക് നാളിതു വരെ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്ത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുത്തിരുന്നുവോ എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപ നഷ്ടം ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-5-2000 വരെ ഐ.ഡി.സി. (ഇന്റർസ്റ്റ് ഡ്യൂറിംഗ് കൺസ്ട്രക്ഷൻ) ഉൾപ്പെടെ 143.08 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) സ്ഥലം ലഭ്യമാകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പമ്പ് ഹൗസിന്റെയും ചാനലിന്റെയും വിയറിന്റെയും പുതുക്കിയ എസ്റ്റിമേറ്റ് പരിശോധനയിലാണ്.

(സി) പദ്ധതിക്ക് വേണ്ട ഭൂമിയുടെ 30% റവന്യൂ ഡിവിഷൻ ഓഫീസ് മുഖേന ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള ഭൂമിയുടെ സൈറ്റ് മഹസ്സർ പൂർത്തിയായി, ഭൂമി താമസിയാതെ വൈദ്യുതിബോർഡിന് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി&ഇ) പദ്ധതി നടപ്പിലാക്കുന്നതിൽ വന്ന കാലതാമസം മൂലമുണ്ടായ നഷ്ടം കണക്കാക്കിയിട്ടില്ല.

കൊടുങ്ങല്ലൂർ മണ്ഡലത്തിൽ സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി

92 (932) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ പുതിയതായി ഏതെല്ലാം 66 കെ.വി. 33 കെ.വി. വൈദ്യുതി സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവ എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും എപ്പോൾ പ്രവർത്തന സജ്ജമാക്കുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) അഞ്ചങ്ങാടി മേത്തല എന്നീ സ്ഥലങ്ങളിൽ 33 കെ.വി സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. അഞ്ചങ്ങാടി 33 കെ.വി സബ്സ്റ്റേഷൻ 2001 മാർച്ച് മാസം അവസാനം പ്രവർത്തന സജ്ജമാകുമെന്നു പ്രതീക്ഷിക്കുന്നു. മേത്തല സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലമെടുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

വൻകിട സഹകരണ പദ്ധതികൾ

93 (933) ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly